# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

(ഹാജർ: അജിത് ദാസ്.എ)

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന കമ്മീഷണറേറ്റിലെ ക്ലാർക്ക് ശ്രീമതി. ഐശ്വര്യ എച്ച് -നെ 01.01.2015 മുതൽ 30.06.2018 വരെ കാലയളവിൽ ജോലിയിൽ പ്രവേശിച്ച ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

| | |
|---|---|
| ഉത്തരവ് നം.**10156**/എസ്റ്റാ.സി.3/2019/സിആർഡി | തീയതി: 23.12.2019 |

പരാമർശം :- 1. ഈ ആഫീസിലെ 02.05.2019 -ലെ ഇതേ നമ്പർ ഉത്തരവ്.

2. ഗ്രാമവികസന കമ്മീഷണറേറ്റിലെ ക്ലാർക്ക് ശ്രീമതി. ഐശ്വര്യ എച്ച് -ന്റെ 12.06.2019-ലെ അപേക്ഷ.
3. ആലപ്പുഴ ജില്ലാ പി.എസ്.സി. ഓഫീസറുടെ 29.03.2016 -ലെ AR II (3) 2906/13(23) നമ്പർ ശുപാർശ കത്ത്.
4. ജി.ഒ.(ആർ.ടി.) നം.709/2017/തസ്വഭവ, തീയതി : 16.03.2017

## ഉത്തരവ്

01.01.2015 മുതൽ 30.06.2018 വരെ കാലയളവിൽ ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഈ ആഫീസിലെ ക്ലാർക്ക് ശ്രീമതി. ഐശ്വര്യ എച്ച്. -ന്റെ പേര് ഉൾപ്പെട്ടിട്ടില്ലെന്ന് പരാമർശം (2) പ്രകാരം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഗ്രാമവികസന വകുപ്പിൽ ആസ്ഥാന ഒഴിവിൽ ക്ലാർക്ക് തസ്തികയിൽ നിയമിക്കപ്പെടുന്നതിന് പരാമർശം (3) പ്രകാരം ശുപാർശ ചെയ്യപ്പെട്ട ശ്രീമതി. ഐശ്വര്യ എച്ച്., 02.05.2016 -ന് രാവിലെ ഗ്രാമവികസന കമ്മീഷണറേറ്റിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി 12.05.2016 മുതൽ 31.03.2017 വരെ പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. ശൂന്യവേതനാവധിക്ക് ശേഷം 01.04.2017 -ന് ഗ്രാമവികസന കമ്മീഷണറേറ്റിൽ, വീണ്ടും ജോലിയിൽ പ്രവേശിച്ച ടിയാൾക്ക് പി.എസ്.സി. മുഖാന്തിരം സാമൂഹ്യ നീതി വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ പുതിയ നിയമനം ലഭിച്ചതിനെ തുടർന്ന് 24.08.2017 -ന് വൈകുന്നേരം ഗ്രാമവികസന വകുപ്പിൽ നിന്ന് വിടുതൽ ചെയ്യപ്പെട്ടു. 25.08.2017 രാവിലെ മുതൽ 03.09.2018 വൈകുന്നേരം വരെ സാമൂഹ്യ നീതി വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനം അനുഷ്ഠിച്ച ടിയാൾ, മാതൃ വകുപ്പിലേക്ക് മടങ്ങുന്നതിനുള്ള അനുമതി ലഭിച്ചതിനെ തുടർന്ന്, സാമൂഹ്യ നീതി വകുപ്പിൽ നിന്ന് വിടുതൽ ചെയ്യപ്പെടുകയും 04.09.2018 ന് രാവിലെ ഗ്രാമവികസന കമ്മീഷണറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലിക്ക്

ഹാജരായി, നിലവിൽ ജോലിയിൽ തുടരുന്ന ടിയാളുടെ പേര് പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു.

02.05.2016 -ന് രാവിലെ ഗ്രാമവികസന കമ്മീഷണറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചെങ്കിലും ടി തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാകുംമുമ്പ് KSR ഭാഗം I അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനാൽ, ടിയാളുടെ സീനിയോറിറ്റി ഉൾപ്പെടെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നഷ്ടപ്പെട്ടിട്ടുള്ളതും, ശൂന്യവേതനാവധിക്കുശേഷം ജോലിയിൽ പ്രവേശിച്ച 01.04.2017 തീയതി മുതൽ, ടിയാൾ പുതിയതായി ജോലിയിൽ പ്രവേശിച്ചതായി പരിഗണിച്ച്, സീനിയോറിറ്റി അനുവദിക്കേണ്ടതുമാണ്.

ഈ സാഹചര്യത്തിൽ ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമന പദ്ധതി പ്രകാരം 10.03.2017-ലെ സർക്കാർ ഉത്തരവിനാൽ നിയമിക്കപ്പെട്ട പരാമർശം (1) സീനിയോറിറ്റി ലിസ്റ്റിലെ സീനി:നം: 765 ആയ ശ്രീ. അനന്തകൃഷ്ണൻ എം. ന് തൊട്ടുതാഴെയും പി.എസ്.സി. മുഖാന്തിരം 18.04.2017 -ലെ നിയമന ശുപാർശപ്രകാരം നിയമിക്കപ്പെട്ട സീനി:നം: 766 ആയ ശ്രീമതി. ആതിര എസ്.ജി. -യ്ക്ക് തൊട്ടു മുകളിലുമായി ശ്രീമതി. ഐശ്വര്യ എച്ച് -ന്റെ സീനിയോറിറ്റി നമ്പർ 765എ എന്ന് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

വ്യക്തിക്ക്

പകർപ്പ്:

1. എല്ലാ ഇ.റ്റി.സി.. പ്രിൻസിപ്പാൾമാർക്കും
2. എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
4. എല്ലാ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കും
5. സി.ആർ.ഡി.യുടെ സി.എ.യ്ക്ക്
6. പി & എം. സെക്ഷൻ, സി.ആർ.ഡി. (പ്രസിദ്ധീകരണത്തിന്)
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

കെ.വി.